ഉത്തരം

(എ) ഉണ്ട്.

(ബി), (സി) 1969-ലെ കേരളാ സഹകരണ നിയമം സമഗ്രമായി പഠിച്ച് കാലോചിതമായ ഭേഗതി നിർദ്ദേശം സമർപ്പിക്കുന്നതിന് സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സംസ്ഥാന സഹകരണ യൂണിയൻ പ്രസിഡൻറ്, സംസ്ഥാന സഹകരണ ബാങ്കിൻെറ മാനേജിംഗ് ഡയറക്ടർ, സഹകരണസംഘം രജിസ്ട്രാർ, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി തുടങ്ങിയവർ അംഗങ്ങളുമായിട്ടുള്ള ഒരു കമ്മിറ്റിയെ സർക്കാരിൻെറ 26-6-1984-ലെ ജി.ഒ. (ആർ.റ്റി.) 1429/84/എ.സി. നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. ഈ കമ്മിറ്റിക്ക് യാതൊരു അലവൻസുകളും അനുവദിച്ചുകൊടുത്തിട്ടില്ല.

അവയനൂർ പൈനാപ്പിൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

183. [234] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർകുന്നം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അവയനൂർ പൈനാപ്പിൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഒരു ഫാക്ടറി തുടങ്ങുന്നതിന് എത്ര രൂപയുടെ ലോൺ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക നൽകിക്കഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ, എത്രയും വേഗം തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടയം (അവയനൂർ) പൈനാപ്പിൾ വിപണന സഹകരണസംഘത്തിന് പൈനാപ്പിൾ പ്രോസസിംഗ് യൂണിറ്റ് തുടങ്ങുന്നതിലേക്കായി എൻ.സി.ഡി.സി. 8.26 ലക്ഷം രൂപയുടെ ലോൺ അനുവദിക്കുകയുണ്ടായി.

(ബി) എൻ.സി.ഡി.സി. അനുവദിച്ച ലോൺ തുകയായ 8.25 ലക്ഷത്തിൽ 4.2749 ലക്ഷം രൂപയും ടി പദ്ധതിക്കായി സംസ്ഥാന സർക്കാർ നൽകേണ്ടതായ ഓഹരിയായ 2.655 ലക്ഷം രൂപയും സംഘത്തിന് ഇതിനകം നൽകി കഴിഞ്ഞു.

(സി) ലോൺ ഇനത്തിൽ ബാക്കി കൊടുക്കുവാനുള്ള 3.9851 ലക്ഷം രൂപ നൽകുന്നതിലേക്കുള്ള നടപടികൾ എടുത്തുവരികയാണ്.

II ചരമോപചാരം

മൊസാമ്പിക് പ്രസിഡൻറായിരുന്ന ശ്രീ. സമാറോ മഷേലിൻെറ നിര്യാണം സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അങ്ങയുടെ അനുവാദത്തോടുകൂടി ലോകത്തുണ്ടായതിൽ വച്ച് ഏറ്റവും വലിയ ദാരുണമായ ഒരു സംഭവമെന്നാണ് രാത്രി നടന്നത് ഈ സഭയിലെ അംഗങ്ങൾക്കെല്ലാം അറിവുള്ളതാണ്. മൊസാമ്പിക് പ്രസിഡൻറായ സമാറോ മഷേലും അദ്ദേഹത്തിൻെറ രണ്ടു സഹമന്ത്രിമാരുമുൾപ്പെടെ വിമാന അപകടത്തിൽ മരണമടഞ്ഞിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ദക്ഷിണാഫ്രിക്കയ്ക്കെതിരായുള്ള ശക്തമായ നീക്കത്തെ ചെറുക്കാൻ വേണ്ടി സംഘടിപ്പിച്ച ആഫ്രിക്കൻ ദേശീയ മുന്നണിയുടെ നേതാവാണ് അദ്ദേഹം. അവരുടെ ചർച്ചായോഗത്തിൽ സംബന്ധിച്ച ശേഷം തിരിച്ചുവരുമ്പോഴുണ്ടായ വിമാനാപകടത്തിൽ പ്രസിഡൻറിനും സഹപ്രവർത്തകർക്കും മുണ്ടായ ദാരുണമായ മരണത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ ദുഃഖവും വികാരവും രേഖപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ : പരേതരോടുള്ള ബഹുമാന സൂചകമായി നമുക്ക് അൽപ്പനേരം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

III അടിയന്തിരപ്രമേയം

പൊൻകുന്നം കൊക്കോ പ്രോസസിംഗ് ഫാക്ടറിയിൽ സമരം നടത്തിയ തൊഴിലാളികൾക്ക് നേരെയുണ്ടായ പോലീസ് വെടിവയ്പ്പ്

ഡെപ്യൂട്ടി സ്പീക്കർ : പൊൻകുന്നത്തുള്ള കൊക്കോ സംസ്ക്കരണ ഫാക്ടറിയിലെ തൊഴിലാളികൾ നടത്തി വന്നിരുന്ന സമരത്തിൽ പങ്കെടുത്ത തൊഴിലാളികൾക്കു നേരെ രണ്ട് പോലീസ് ഹെഡ് കോൺസ്റ്റബിൾമാരുടെ നേതൃത്വത്തിൽ അവിടെ ഉണ്ടായിരുന്ന പോലീസ് വെടിവച്ചതിനെത്തുടർന്ന് അവിടെ ഉളവായിരിക്കുന്നു എന്ന് പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കാനം രാജേന്ദ്രൻ, ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി, ശ്രീ. കെ. കൃഷ്ണൻ കുട്ടി, ശ്രീ. എ.വി. താമരാക്ഷൻ, ശ്രീ. പി.സി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, 1982 മുതൽ കാഞ്ഞിരപ്പള്ളിയിൽ ഒരു കൊക്കോ പ്രൊക്യൂവർമെൻറ് സെൻറർ പ്രവർത്തിച്ചുവരുന്നു. സഹകരണമേഖലയിലാണ് ഇത് പ്രവർത്തിച്ചുവരുന്നത്. തുടക്കത്തിൽ തന്നെ 100 തൊഴിലാളികളുണ്ടായിരുന്നു. ജോലിയുടെ ലഭ്യതയനുസരിച്ചാണ് അവരെ ജോലിക്ക് നിയമിക്കുന്നത്. ഇടയ്ക്കുവച്ച് ആളുകളെ കുറവ് ചെയ്യേണ്ടി വന്നു. അതിനെത്തുടർന്ന് അവർ സത്യാഗ്രഹം നടത്തുകയായിരുന്നു. സാധാരണഗതിയിൽ പിക്കറ്റിംഗ് നടത്തും, അവരെ റിമൂവ് ചെയ്യും. അങ്ങനെ ഏതാനും ദിവസങ്ങളായി സത്യാഗ്രഹം നടന്നുവരികയായിരുന്നു. ഇന്നലെയാണ് പെട്ടെന്ന് അക്രമാസക്തമായനില ഉണ്ടായത്. നിർഭാഗ്യവശാൽ അവിടെയുള്ള സീനിയർ ഓഫീസേഴ്സ് കോടതിയിൽ കേസിനുവേണ്ടി പോയ ദിവസമാണ്. ആ അവസരത്തിൽ അവിടത്തെ തൊഴിലാളികളും പുറമെനിന്നുള്ള പത്തുമുന്നൂറോളംപേരും വന്ന് ബലമായി അവിടെയുണ്ടായിരുന്ന പോലീസ് പിക്കറ്റിനെ തള്ളിമാറ്റി ഫാക്ടറിക്കകത്തു കയറി. അവിടെയുണ്ടായിരുന്ന ടെൻറ് മുതലായവ തീവെച്ച് നശിപ്പിക്കുകയും കല്ലേറ് നടത്തുകയും ചെയ്തു. കല്ലേറിൻെറ ഫലമായി പോലീസുകാർക്ക് പരിക്കേറ്റു. ഔദ്യോഗികമായി റിപ്പോർട്ട് കിട്ടിയ കാര്യങ്ങൾ സഭയുടെ മുൻപാകെ അറിയിക്കുകയാണ്. അവിടെ 15 പോലീസുകാരുണ്ടായിരുന്നതിൽ 13 പേർക്കും പരിക്കേറ്റതിൽ

LIBRARY ARCHIVES Kerala Legislative Assembly